# വിഴിഞ്ഞം തുറമുഖ നിർമ്മാണം: ആഘാതങ്ങളും പ്രതിഷേധങ്ങളും വർദ്ധിക്കുന്നു

കേരളീയം വാർത്താശൃംഖല

2015 ഡിസംബർ 15ന് തുടങ്ങിയ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണം 500 ദിവസങ്ങൾ പിന്നിട്ടപ്പോഴേക്കും എതിർപ്പുകൾ പല കോണുകളിൽ നിന്നും ശക്തമായിക്കൊണ്ടിരിക്കുകയാണ്. തദ്ദേശവാസികളാണ് ഇപ്പോൾ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അവർ അനുഭവിക്കുന്ന ദുരിതങ്ങൾക്കെതിരെ ശക്തമായ സമരവുമായി രംഗത്തെത്തിയിരിക്കുന്നത്. 12 ദിവസം വിഴിഞ്ഞം പദ്ധതി പ്രദേശത്ത് നടന്ന മത്സ്യത്തൊഴിലാളികളുടെ സമരത്തെ തുടർന്ന് അദാനിക്ക് തുറമുഖത്തിന്റെ പണി നിർത്തിവയ്ക്കേണ്ടി വന്നു. ഒടുവിൽ ക്രൈസ്തവ സഭാ നേതൃത്വത്തിന്റെ മുൻകൈയിൽ തിരുവനന്തപുരം ജില്ലാ കളക്ടറുമായി നടത്തിയ ചർച്ചയെ തുടർന്ന് സമരം ഒത്തുതീരുകയായിരുന്നു. മത്സ്യത്തൊഴിലാളികൾക്ക് നൽകാനുള്ള നഷ്ടപരിഹാരം കൃത്യമായി നൽകുമെന്നും പ്രദേശവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്ഥിരം മേൽനോട്ട സമിതിയെ നിയോഗിക്കമെന്നും മാത്രമാണ് കളക്ടറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ തീരുമാനമുണ്ടായത്. സമരം തുടങ്ങിയത് ഈ പ്രശ്നങ്ങളിൽ മാത്രം അല്ലെന്നിരിക്കെ, ലക്ഷ്യം കാണാതെ സമരം പിൻവലിക്കാൻ സഭാ നേതൃത്വത്തിന് മേൽ സമ്മർദ്ദമുണ്ടായി എന്നും ആക്ഷേപമുണ്ട്.



വിള്ളൽ വീണ വീടുകളിലൊന്ന്

വിഴിഞ്ഞത്തുകാർ സമരം ആരംഭിക്കുന്നത് പ്രധാനമായും രണ്ട് കാര്യങ്ങളിലായിരുന്നു. ഒന്ന്, തുറമുഖ നിർമ്മാണം തുടങ്ങിയ ശേഷം വിഴിഞ്ഞം ഹാർബറിലെ മീൻപിടുത്തക്കാരുടെ വള്ളങ്ങൾ തുടർച്ചയായി അപകടത്തിൽപ്പെടുന്നു എന്നതായിരുന്നു. കഴിഞ്ഞ കുറച്ച് മാസങ്ങൾക്കിടയിൽ നിരവധി വള്ളങ്ങൾക്ക് ഇവിടെ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കപ്പൽ തുറമുഖത്തിന്റെ പുലിമുട്ടിന്റെ നിർമ്മാണം കടലിലേക്ക് നീളുകയും വിഴിഞ്ഞം ഹാർബറിനോട് അത് അടുക്കുകയും ചെയ്തതോടെയാണ് മത്സ്യബന്ധന ബോട്ടുകൾ അടുപ്പിച്ചിരുന്ന ഭാഗത്തേക്ക് കടൽ ഇരച്ചുകയറാൻ തുടങ്ങിയത്. അനവധി വള്ളങ്ങൾ ഇതുമൂലം തകരുകയും പല മത്സ്യത്തൊഴിലാളികൾക്കും പരിക്കേൽക്കുകയും ചെയ്തു. ഹാർബർ ബെയ്സിനിൽ കെട്ടിയിട്ട വള്ളങ്ങളും മത്സ്യബന്ധനം കഴിഞ്ഞുവരുന്ന വള്ളങ്ങളും തിരിയിൽപ്പെട്ട് മറയുകയുണ്ടായി. ഫിഷ്ലാൻഡിലേക്ക് തിരയടിച്ചുകയറാൻ തുടങ്ങിയതോടെ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനും ബോട്ടിറക്കാനും പ്രയാസമുണ്ട്. സീവേഡ്, ലീവേഡ് എന്നീ രണ്ട് പുലിമുട്ടുകളുടെ സംരക്ഷണമുള്ള വിഴിഞ്ഞം ഹാർബറിൽ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും തിരയടിച്ചുകയറുന്ന സംഭവമുണ്ടായത്. മത്സ്യത്തൊഴിലാളികളെ ഇത് ആശങ്കപ്പെടുത്തിയിട്ടുണ്ട്. പലപ്പോഴും തിര ഹാർബറും കടന്ന് തീരദേശ റോഡിലേക്കും എത്തുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം തുടങ്ങിയതോടെയാണ് മത്സ്യബന്ധന ഹാർബറിലേക്കുള്ള തിര കയറ്റം രൂക്ഷമായതെന്ന് തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു. വള്ളങ്ങൾ നശിച്ചവരും പരിക്കേറ്റവരും വിഴിഞ്ഞത്തെ തീരദേശ പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച പരാതി നൽകിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തമായ ഒരു വിശദീകരണവും നൽകാൻ തുറമുഖ നിർമ്മാണ കമ്പനി തയ്യാറായിട്ടില്ല. തദ്ദേശീയ മത്സ്യത്തൊഴിലാളികൾ സംഘടിക്കുന്നതിനുള്ള ഒരു പ്രധാന കാരണമായി അത് മാറി.

രണ്ടാമത്തെ വിഷയം പൈലിംഗുമായി ബന്ധപ്പെട്ടുള്ളതാണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ബെർത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് നടക്കുന്ന പൈലിംഗ് തീരദേശത്തെ വീടുകൾക്ക് വിള്ളൽ വീഴ്ത്താൻ തുടങ്ങിയതും നാട്ടുകാരെ ദുരിതത്തിലാഴ്ത്തി. ഈ വർഷം ജൂൺ ഒന്നിന് ആണ് ബെർത്തിന്റെ നിർമ്മാണോദ്ഘാടനം നടന്നത്. അന്ന് പൈലിംഗ് തുടങ്ങിയപ്പോൾ 100 മീറ്റർ അപ്പുറമുള്ള വീടുകളിൽ പോലും വിള്ളലുകളുണ്ടാകാൻ തുടങ്ങി. കരിമ്പള്ളിക്കര, മരിയൻനഗർ, വലിയ കടപ്പുറം പ്രദേശങ്ങളിലെ 34 വീടുകൾക്കാണ് വിള്ളലുകളുണ്ടായതായി പ്രദേശവാസികൾ പരാതിപ്പെടുന്നു. പുതിയതായി നിർമ്മിച്ച വീടുകൾ വരെ ഇതിൽ ഉൾപ്പെടും. അദാനി ഗ്രൂപ്പിനും തുറുമുഖ നിർമ്മാണ കമ്പനിക്കും തദ്ദേശവാസികൾ ഇതുസംബന്ധിച്ച് പരാതി നൽകി. ഇതിനെ തുടർന്ന് കമ്പനിക്ക് പൈലിംഗ് പണി നിർത്തിവയ്ക്കേണ്ടി വന്നു. അദാനി ഗ്രൂപ്പ് ചുമതലപ്പെടുത്തിയത് പ്രകാരം ചെന്നൈയിൽ നിന്ന് ഒരു വിദഗ്ധ സംഘം സ്ഥലത്തെത്തി വീടുകൾ പരിശോധിച്ചു. എന്നാൽ പൈലിംഗല്ല, പ്രദേശത്തെ മണ്ണിന്റെ ഘടനയാണ് വിള്ളലുകളുണ്ടാകാൻ കാരണമെന്ന വിചിത്രമായ ന്യായമാണ് വിദഗ്ധസംഘം മുന്നോട്ടുവച്ചത്. അതോടെ അദാനി പണി പുനരാരംഭിക്കുകയും ചെയ്തു. ഇതിൽ സഹികെട്ടാണ് പല വീട്ടമ്മമാരും സമരരംഗത്തേക്ക് ഇറങ്ങാൻ തീരുമാനിച്ചത്. കപ്പലുകൾ അടുപ്പിക്കാനുള്ള ബെർത്ത് നിർമ്മിക്കുന്നതിനായി 600ൽ ഏറെ പൈലിംഗ് തൂണുകളാണ് ഇവിടെ നിർമ്മിക്കേണ്ടി വരുന്നത്. അതുകൊണ്ടുതന്നെ ഇനിയും വീടുകൾക്ക് വിള്ളലുകളുണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

വളരെ പ്രധാനപ്പെട്ട ഈ രണ്ട് പ്രശ്നങ്ങൾ സമരത്തിൽ ഉയർന്നുവന്നെങ്കിലും നഷ്ടപരിഹാര പാക്കേജിന്റെ വിതരണവുമായി ബന്ധപ്പെട്ട സമരമായി അതിനെ ചുരുക്കുന്നതിനാണ് മുഖ്യധാരാ മാദ്ധ്യമങ്ങളും സർക്കാർ സംവിധാനങ്ങളുമെല്ലാം ശ്രമിക്കുന്നത്. അത്തരം താത്പര്യങ്ങളുടെ സമ്മർദ്ദങ്ങൾക്ക് സമരത്തിന് നേതൃത്വം നൽകിയ ക്രൈസ്തവ സഭാ നേതൃത്വം വഴങ്ങിക്കൊടുത്തതോടെ പ്രധാന സമരാവശ്യങ്ങൾ പരിഗണിക്കപ്പെട്ടതേയില്ല. തുറമുഖ നിർമ്മാണം പുരോഗമിക്കുന്തോറും ഇത്തരം പ്രശ്നങ്ങൾ വിഴിഞ്ഞത്ത് രൂക്ഷമാകാൻ ഇടയുള്ളതിനാൽ ഈ ഒത്തുതീർപ്പ് താത്കാലികം മാത്രമേ ആകുന്നുള്ളൂ.■